

## SSLC EXAMINATION MARCH-2024
## FIRST LANGUAGE.MALAYALAM PAPER -I
## ANSWER KEY BY :SURESHAREEKODE.PH:9562521509

1. കാട്ടിലെ ചോലകൾ

2.അമ്മ അനുഭവിക്കുന്ന മാനസിക സംഘർഷവും ദാരിദ്ര്യവും.

3. ദിവാകരനെ കണ്ടപ്പോൾ ഉള്ള ആശ്വാസം.

4.അരികിൽ വന്ന് നിന്നതാരെ, ന്നഭിമതം

5. യേശുവിന്റെ പീഡാനുഭവം

6. വൈകാരികാംശങ്ങളാണ് എഴുത്തിലൂടെ അവതരിപ്പിക്കുന്നത്.

- ആത്മീയമായ ഉൾക്കാഴ്ചയോടെ ഉള്ള അവതരണമായതിനാൽ.
- എഴുത്തിന്റെ ആന്തരികലോകം തുറന്നിടുന്ന പ്രശാന്തി.
- വാക്കുകൾ തീർക്കുന്ന സർഗതാളങ്ങൾ പ്രവചനാതീതമാണ്. (രണ്ട് സൂചനകൾ)

7. അതിഥി സുധീറാണ്. സുധീറിനെപ്പോലെയുള്ള ഒരു വ്യക്തി ആ നാട്ടിൻപ്പുറത്ത് കുഞ്ഞിക്കുട്ടിയമ്മയെ കാണാൻ വരുകയില്ല.

- വിദേശത്തായിരുന്നപ്പോൾ പാശ്ചാത്യവേഷം ധരിച്ച സന്ദർശകർ പതിവായിരുന്നു. അതുകൊണ്ട് സുധീറിനെ തിരിച്ചറിയാൻ കഴിഞ്ഞില്ല.

8. ചെറുപാമ്പ് : സർവദമനനും അവന്റെ കുസൃതികളും.

- ചന്ദനമരം: വിശുദ്ധിയും സൗമ്യവും സാത്വിക ഗുണങ്ങളും നിറഞ്ഞ ആശ്രമ ജീവിതത്തെക്കുറിക്കുന്നു

9.മെത്രാന്റെ വിശാലമായ കാഴ്ചപ്പാട് /ജീവിതം തുറന്ന പുസ്തകം .

- ആർക്കും എപ്പോഴും കടന്നുചെല്ലാവുന്ന മെത്രാന്റെ ഭവനം.
- സ്വകാര്യസ്വത്ത് എന്ന ചിന്തകൾക്കപ്പുറം മാനവികതയുടെ ആഴം/പ്രതീകം/അടയാളം.
- നേർവഴിക്ക് സഞ്ചരിക്കണം. വളഞ്ഞ വഴിയുപേക്ഷിക്കണം.
- തെറ്റുകുറ്റങ്ങൾക്ക് മാപ്പ് നൽകുന്ന സ്നേഹവ്യവസ്ഥയുടെ ആൾ രൂപമാണ് മെത്രാൻ .
- കുറ്റവാളിയിലും നന്മ കാണാൻ കഴിഞ്ഞതിനാൽ

10. **കുട്ടിക്കൃഷ്ണ മാരാരുടെ നിരീക്ഷണം വ്യക്തമാക്കിയിട്ടുണ്ട്.**

- **രണ്ട് സന്ദർഭങ്ങൾ എഴുതിയിട്ടുണ്ട്.**
- ധർമ്മയുദ്ധമായി ആരംഭിച്ച് അധർമ്മയുദ്ധമായി മാറിയത്.
- **ഉദാഹരണം:** കൗരവപക്ഷത്തുള്ള മഹാരഥന്മാരെ വീഴ്ത്തിയത് ചതിയിലൂടെ - ദുര്യോധനന്റെ അന്ത്യം.
- അശ്വത്ഥാമാവിന്റെ ദ്രൗണിയുടെ കൂട്ടക്കുരുതിയിലൂടെ കുരുക്ഷേത്രയുദ്ധത്തെ ഭീകാരാന്ത്യത്തിലേക്ക് നയിച്ചത്.

11.കളഞ്ഞു കിട്ടിയ പണം - സുഹൃത്തിന്റെ പ്രലോഭനം.

- പ്രലോഭനത്തെ അതിജീവിക്കൽ -അഭിനന്ദനം.
- ജീവിതത്തിൽ സത്യസന്ധത കാത്തുസൂക്ഷിക്കാൻ സഹായിച്ചു.
- ആഗ്രഹങ്ങൾ സഫലമാക്കാൻ മൂല്യങ്ങൾ കൈവെടിയാതിരിക്കാൻ പ്രചോദനം.
- എല്ലാ തോൽവിയും ഇല്ലാതാക്കിയത് സത്യസന്ധതയാണ് എന്ന ചിന്ത വളർത്താൻ.
- മൂല്യസംരക്ഷണത്തിലൂടെ ലഭിക്കുന്ന ആനന്ദം തിരിച്ചറിയാൻ കഴിഞ്ഞു.

12.വെള്ളായിയപ്പൻ ജയിലിൽ എത്തുന്നത്

- പാറാവുക്കാരൻ വെള്ളായിയെ വെറും ഒരു സന്ദർശകനായി കാണുന്നത്.
- പാറാവുകാരന്റെ ആദ്യ സമീപനത്തിൽ അധികാരത്തിന്റെ ദയയില്ലാത്ത ഭാവം പ്രകടം.
- എഴുത്ത് വായിച്ച് ഭാവം മാറുന്നത്.
- കണ്ടുണ്ണിയെ തൂക്കി കൊല്ലാനുള്ള മരണവാറണ്ടായിരുന്ന എഴുത്ത്.
- വെള്ളായിയുടെ നിസ്സഹായാവസ്ഥ തിരിച്ചറിതാണ് പാറാവുകാരനിലെ ഭാവ മാററത്തിന് കാരണം.

13. കഥാസന്ദർഭം സൂചിപ്പിച്ചിട്ടുണ്ട്.

- മകന്റെ സ്വാർത്ഥതയും അമ്മയുടെ ദയനീയാവസ്ഥയും.
- അമ്മ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളും ദാരിദ്രവും.
- ആനുകാലിക സംഭവങ്ങൾ ചേർത്ത അവതരണം.
- **പ്രതികരണം :** തന്റെ ഒരായുസ്സ മുഴുവൻ മകനായി / മക്കൾക്കായി ത്യജിച്ച അമ്മമാർ ഉറങ്ങേണ്ടത് മക്കളുടെ തണലിലാണ്.

14. ഭർത്താവിന്റെ മരണവും അത് ജൂലിയാനയിൽ ഉണ്ടാക്കുന്ന മാറ്റവും.

- കുടുംബത്തിന്റെ ഉത്തരവാദിത്വം സ്വന്തം ചുമലിലായതിന്റെ ദുഃഖഭാരം.
- ജൂലിയാനയുടെ ഭർത്താവിന്റെ മരണത്തെക്കുറിക്കുന്ന ഭാവതീവ്രതയുള്ള ആവിഷ്കാരം.
- ദാരിദ്ര്യത്തിലേയ്ക്ക് ഉറഞ്ഞു പോകുന്നതിന്റെ ഹൃദ്യമായ ഭാഷ.

15. **എഡിറ്റോറിയൽ ഘടന പാലിച്ചിട്ടുണ്ട്.**

- **തലക്കെട്ട്.**
- **വിഷയവുമായി ബന്ധപ്പെട്ട വിമർശനാത്മകമായ രീതി. (അനുകൂലവും പ്രതികൂലവുമായത്)**
- സുധീറിന്റെ പരാമർശം.
- ഭർത്താവിന് മാത്രമായി ചിട്ടപ്പെടുത്തിയ സ്ത്രീ ജന്മം -മിസ്സിസ്സ് തലത്തിന്റെ ജീവിതം.
- മക്കളുമായി ആത്മാർത്ഥമായ ബന്ധമില്ലാതെ പോയതിലെ കുറ്റബോധം.
- സുധീറിനോട് കാണിക്കുന്ന സ്നേഹം.
- മാഡം തലത്തിൽ നിന്ന് താഴത്തു കുഞ്ഞിക്കുട്ടിഅമ്മയിലേക്കുള്ള മാറ്റം.
- ജീവിതത്തിൽനിന്നുണ്ടായ തിരിച്ചറിവ് - സുധീറിനുള്ള ഉപദേശം.
- മക്കളുടെ സ്നേഹം കൊതിച്ച അമ്മയെ കാണുന്നത്.
- വർത്തമാനകാല സ്ത്രീ അവസ്ഥകൾ ചേർത്ത അവതരണം.

16. **ഉപന്യാസ ഘടന**

- **തലക്കെട്ട്**
- **ആമുഖം**
- **ഉള്ളടക്കം**
- **ഉപസംഹാരം.**
- **പാഠസന്ദർഭവും കാവ്യസന്ദർഭവും സൂചിപ്പിച്ചിട്ടുണ്ട്.**
- **ക്രോധം വരുത്തിവെയ്ക്കുന്ന പ്രശ്നങ്ങൾ -**
- ബന്ധുക്കളെ വധിക്കുന്നു - വിവേകം ഇല്ലാതാക്കുന്നു.
- ധർമ്മക്ഷയം വരുത്തുന്നു.
- മനസ്താപമുണ്ടാക്കുന്നു.
- മുക്തിക്കു വിഘ്നം വരുത്തുന്നു.
- സംസാരബന്ധനം ഉണ്ടാക്കുന്നു.
- ആനുകാലികസംഭവങ്ങൾ / പത്രവാർത്തകൾ ചേർത്ത അവതരണം.
- അറിവുള്ളവർ (ബുധജനം) ക്രോധം പരിത്യജിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കിയിട്ടുണ്ട്.

17. **ഉചിതമായ തലക്കെട്ട്.**

- **കവി , കവിത പരിചയപ്പെടുത്തിയിട്ടുണ്ട്.**
- ജീവന്റെ ബന്ധുബലമുള്ള ഭൂമി.
- ആരും ഒറ്റയ്ക്കല്ല-പരസ്പരാശ്രിതമായ ജീവിശൃംഖല.
- എല്ലാ സസ്യജന്തുജാലങ്ങളും ജീവ സഹോദരർ.
- ജീവിതനൈരാശ്യത്തിൽ പ്രതീക്ഷയായി മാറുന്ന ഭൂമിയുടെ തണൽ / അമ്മയുടെ സ്നേഹം.
- ഇഷ്ടപ്പെട്ടവരികൾ,അലങ്കാരഭംഗികൾ ചേർത്തിട്ടുണ്ട്.
- സമാന കവിതകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. (എന്റെ ഗുരുനാഥൻ - വള്ളത്തോൾ- ലോകമേ തറവാടീ ചെടികളും പുൽകളും ......).
- പ്രസാദാത്മകമായി ജീവിതത്തെ കാണാൻ പ്രചോദനം.
- സ്വന്തം നിരീക്ഷണങ്ങൾ ചേർത്ത അവതരണം